REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 13-12-2024 സമയം 12.30 PM

## പ്രധാന വാർത്തകൾ

- 2001 ലെ പാർലമെന്റ് ആക്രമണത്തിൽ ജീവാർപ്പണം ചെയ്ത ധീര സൈനികർക്ക് രാജ്യത്തിന്റെ സ്മരണാഞ്ജലി.
- രാഷ്ട്രപതിയും ഉപരാഷ്ട്രപതിയും പ്രധാനമന്ത്രിയും മറ്റ് പ്രമുഖ നേതാക്കളും രക്തസാക്ഷികൾക്ക് ആദരാഞ്ജലി അർപ്പിച്ചു.
- ഭരണഘടന അംഗീകരിച്ചതിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ച് പ്രത്യേക ചർച്ച ലോക്സഭയിൽ ഇന്നാരംഭിക്കും.
- പ്രതിപക്ഷ ബഹളത്തെ തുടർന്ന് രാജ്യസഭ ഇന്നത്തേക്ക് പിരിഞ്ഞു.
- കേരള രാജ്യാന്തര ചലച്ചിത്ര മേള വൈകിട്ട് തിരുവനന്തപുരത്ത് മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും.
- പാലക്കാട് പനയംമ്പാടത്ത് ഇന്നലെ ലോറി ദേഹത്തേക്ക് മറിഞ്ഞ് മരിച്ച നാല് വിദ്യാർത്ഥിനികളുടെയും മൃതദേഹങ്ങൾ ഖബറടക്കി.

## വാർത്തകൾ വിശദമായി

2001 ലെ പാർലമെന്റ് ആക്രമണത്തിൽ ജീവാർപ്പണം ചെയ്ത ധീര സൈനികർക്ക് രാജ്യം ഇന്ന് സ്മരണാഞ്ജലി അർപ്പിക്കുന്നു. ഡൽഹി പൊലീസിലെ ആറ് പേരും, രണ്ട് പാർലമെന്റ് സുരക്ഷാജീവനക്കാർ, ഒരു ഗാർഡനർ എന്നിവർ ഉൾപ്പെടെ ഒമ്പത് പേരാണ് ഭീകരാക്രമണത്തിൽ മരിച്ചത്.

അക്രമികളായ അഞ്ച് ഭീകര പ്രവർത്തകരെ സുരക്ഷാ സേന വെടിവെച്ചു കൊന്നു. 23 വർഷം മുമ്പ് 2001 ഡിസംബർ 13നായിരുന്നു പാർലമെന്റ് ആക്രമണം.

✪✪✪

2001-ലെ ഭീകരാക്രമണത്തിൽ പാർലമെന്റിനെ സംരക്ഷിച്ച് ജീവൻ ബലി അർപ്പിച്ച ധീര ഹൃദയരായ സുരക്ഷാ ഉദ്യോഗസ്ഥർക്ക് രാഷ്ട്രപതി ദ്രൗപതി മുർമു ആദരാഞ്ജലി അർപ്പിച്ചു. അവരുടെ ധൈര്യവും നിസ്വാർത്ഥ സേവനവും നമ്മെ പ്രചോദിപ്പിക്കുമെന്ന് രാഷ്ട്രപതി സാമൂഹിക മാധ്യമത്തിൽ കുറിച്ചു. രാജ്യം അവരുടെ കുടുംബങ്ങളോട് അങ്ങേയറ്റം നീതി ഉള്ളവരാണെന്നും ഭീകർക്ക് എതിരെ രാജ്യം ഒറ്റക്കെട്ടായി നിലകൊള്ളുന്നുവെന്നും രാഷ്ട്രപതി പറഞ്ഞു.

പാർലമെന്റിന്റെ  ഇരു സഭകളും രക്തസാക്ഷികൾക്ക് ആദരാഞ്ജലി അർപ്പിച്ചു. സഭാംഗങ്ങൾ രക്തസാക്ഷികളോട് ആദര സൂചകമായി ഒരു മിനിറ്റ് മൗനം ആചരിച്ചു. ഭീകരവാദികളുടെ നെറികെട്ട ശ്രമങ്ങളെ ധീരതയും സമരവീര്യവും ഉൾക്കൊണ്ട സൈനികർ ചെറുത്ത് തോൽപ്പിച്ചതായി ലോക് സഭാ സ്പീക്കർ ഓം ബീർള പറഞ്ഞു.

ദേശീയ സുരക്ഷയ്ക്ക് നേരെ ഉണ്ടായ വെല്ലുവിളി നേരിടാൻ കരുതലും ഐക്യവും കൈമുതലാക്കിയ സുരക്ഷാ ഉദ്യോഗസ്ഥർക്ക് കഴിഞ്ഞതായി രാജ്യസഭാ ചെയർമാൻ ജഗ്ദീപ് ധൻഖർ അഭിപ്രായപ്പെട്ടു.

✪✪✪

കേന്ദ്രമന്ത്രിമാരും ലോക് സഭാ നേതാവ് രാഹുൽ ഗാന്ധി, രാജ്യസഭാ പ്രതിപക്ഷ നേതാവ് മല്ലികാർജ്ജുൻ ഖാർഗെ, പാർലമെന്റ് അംഗങ്ങൾ തുടങ്ങിയവരും രക്തസാക്ഷികൾക്ക് ആദരം അർപ്പിച്ചു. ജീവത്യാഗം ചെയ്തവരുടെ കുടുംബാംഗങ്ങളും ചടങ്ങിൽ പങ്കെടുത്തു.

രക്തസാക്ഷികളുടെ ജീവത്യാഗം രാജ്യത്തിന് ആകെ പ്രചോദനം നൽകുമെന്നും അവരുടെ ധീരതയ്ക്കും അർപ്പണബോധത്തിനും മുന്നിൽ രാജ്യം എന്നെന്നും കൃതജ്ഞരായിരിക്കുമെന്നും പ്രധാനമന്ത്രി സാമൂഹ്യമാധ്യമപോസ്റ്റിൽ കുറിച്ചു.

✪✪✪

ഇന്ത്യൻ ആർമിയുടെ വജ്ര കോർപ്സ് ഇന്ന് മുതൽ  മൂന്ന്  ദിവസം അമൃതസറിൽ വിജയ് ദിവസ് ആഘോഷിക്കുന്നു. പഞ്ചാബിൽ യുദ്ധവീരന്മാരുടെ സ്മാരകത്തിലും മ്യൂസിയത്തിലും ഇന്നും നാളെയും പൊതുജനങ്ങൾക്കായി രണ്ട് ദിവസത്തെ 'ആയുധ -  ഉപകരണ പ്രദർശനങ്ങൾ'  നടത്തും. ആർട്ടിലറി

തോക്കുകൾ, ടാങ്കുകൾ, അത്യാധുനിക ഉപകരണങ്ങൾ എന്നിവയുൾപ്പെടെ നിരവധി സൈനിക വസ്തുക്കൾ പ്രദർശനത്തിലുണ്ടാകും.

യുദ്ധത്തിൽ ജീവത്യാഗം ചെയ്ത ധീര ജവാൻമാർക്ക് ആദരാഞ്ജലികൾ അർപ്പിക്കുന്ന ഫ്യൂഷൻ ബാൻഡ് കച്ചേരിയും നടക്കും.

✪✪✪

ഭരണഘടന അംഗീകരിച്ചതിന്റെ 75-ാം വാർഷികത്തോടനുബന്ധിച്ചു പ്രത്യേക ചർച്ച ലോക്സഭയിൽ ഇന്നാരംഭിക്കും. ഇന്നും നാളെയുമായി നടക്കുന്ന രണ്ടു ദിവസത്തെ ചർച്ചയ്ക്ക് രാജ്യരക്ഷാ മന്ത്രി രാജ്നാഥ് സിംഗ് തുടക്കം കുറിയ്ക്കും.

നാളെ വൈകിട്ട് പ്രധാനമന്ത്രി നരേന്ദ്ര മോദി ചർച്ചയ്ക്ക് മറുപടി നൽകും. HD കുമാരസ്വാമി, ശ്രീകാന്ത് ഷിൻഡെ, ശാംഭവി ചൗധരി, രാജ്കുമാർ സാംഗ്വാൻ, ജിതൻ റാം മാഞ്ചി, അനുപ്രിയ പട്ടേൽ, രാജീവ് രഞ്ജൻ സിംഗ് എന്നിവരുൾപ്പെടെ ഭരണകക്ഷിയായ ദേശീയ ജനാധിപത്യ സഖ്യത്തിലെ നേതാക്കളും അംഗങ്ങളും ചർച്ചയിൽ സംസാരിക്കും.

ഡിസംബർ 13-14 തീയതികളിൽ ഭരണഘടന അംഗീകരിച്ച് 75 വർഷം തികയുന്നതിനെക്കുറിച്ച് സഭ പ്രവർത്തിക്കണമെന്നും ചർച്ച നടത്തണമെന്നും പ്രതിപക്ഷം ആഗ്രഹിക്കുന്നതായി ലോക്സഭയിലെ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി പറഞ്ഞു.

✪✪✪

പ്രതിപക്ഷ ബഹളത്തെ തുടർന്ന് രാജ്യസഭ ഇന്നത്തേക്ക് പിരിഞ്ഞു. ഉപരാഷ്ട്രപതി ജഗ്ദീപ് ധൻഖറിനെതിരായ അവിശ്വാസ പ്രമേയത്തിൽ ഭരണ-പ്രതിപക്ഷവിഭാഗങ്ങൾ തമ്മിലുണ്ടായ രൂക്ഷമായ തർക്കത്തിനിടെയാണ് രാജ്യസഭ ഇന്നത്തേക്ക് പിരിഞ്ഞത്.

✪✪✪

അടുത്ത വർഷത്തെ മഹാ കുംഭമേളയ്ക്ക് മുന്നോടിയായി പ്രയാഗ്‌രാജിലെ അടിസ്ഥാന സൗകര്യങ്ങൾ വർധിപ്പിക്കുന്നതിനായി 5,500 കോടി രൂപയുടെ ഒന്നിലധികം വികസന പദ്ധതികൾ പ്രധാനമന്ത്രി നരേന്ദ്ര മോദി ഇന്ന് ഉദ്ഘാടനം ചെയ്യും.

10 പുതിയ റോഡ് മേൽപ്പാലങ്ങളും ഡ്രൈൻ ഓവറുകളും സ്ഥിരമായ ഘട്ടുകളും നദീതീര റോഡുകളും ഇതിലുൾപ്പെടുന്നു. ശുദ്ധീകരിക്കാത്ത മലിനജലം ഗംഗയിലേക്ക് ഒഴുകുന്നത് തടയാൻ ലക്ഷ്യമിട്ട് നടപ്പാക്കുന്ന പദ്ധതികളും മോദി ഉദ്ഘാടനം ചെയ്യും.

✪✪✪

റിസർവ് ബാങ്കിന് ഇ-മെയിൽ വഴി ബോംബ് ഭീഷണി ലഭിച്ചു. റഷ്യൻ ഭാഷയിൽ എഴുതിയ ഇ-മെയിൽ ബാങ്കിന്റെ ഔദ്യോഗിക വെബ്സൈറ്റിലേക്കാണ് അയച്ചത്. മുംബൈ പോലീസ് അന്വേഷണം ആരംഭിച്ചു. ഒരു മാസത്തിനിടെ രണ്ടാം തവണയാണ് റിസർവ് ബാങ്കിന് ബോംബ് ഭീഷണി ലഭിക്കുന്നത്.

✪✪✪

29-ാമത് കേരള രാജ്യാന്തര ചലച്ചിത്ര മേളയ്ക്ക് ഇന്ന് തിരുവനന്തപുരത്ത് തുടക്കമാകും. വൈകിട്ട് ആറിന് നിശാഗന്ധി ഓഡിറ്റോറിയത്തിൽ മുഖ്യമന്ത്രി പിണറായി വിജയൻ ചലച്ചിത്ര മേള ഉദ്ഘാടനം ചെയ്യും. ഉദ്ഘാടന ചടങ്ങിൽ ചലച്ചിത്ര പ്രതിഭ ശബാന അസ്മി മുഖ്യാതിഥിയാകും.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പ്രതിനിധി റെജു കൊലിയാക്കോട്.

.......വോയ്സ്...........

29 ആമത് കേരള രാജ്യാന്തര ചലച്ചിത്ര മേളയുടെ ഔദ്യോഗിക ഉദ്ഘാടനത്തിനു മുൻപ് തന്നെ സിനിമകളുടെ പ്രദർശനം ആരംഭിച്ചു. ഇന്ന് പ്രദർശനമുള്ള 5 തിയേറ്ററുകളിലും തിരക്ക് അനുഭവപ്പെട്ടു. ഈ മാസം 20 വരെ മുഖ്യ വേദിയായ ടാഗോർ ഉൾപ്പെടെ 15 തിയേറ്ററുകളിലായി നടക്കുന്ന മേളയിൽ 68 രാജ്യങ്ങളിൽ നിന്നുള്ള 177 സിനിമകൾ വിവിധ വിഭാഗങ്ങളിലായി പ്രദർശിപ്പിക്കും.

13000 ത്തോളം ഡെലിഗേറ്റുകളാണ് മേളയിൽ പങ്കെടുക്കുന്നത്. 100 ഓളം ചലച്ചിത്ര പ്രവർത്തകർ അതിഥികളായി എത്തും. ഹോങ്കോങ്ങിൽ നിന്നുള്ള സംവിധായിക ആൻ ഹുയിക്ക് ഇന്ന് വൈകുന്നേരം നടക്കുന്ന ഉദ്ഘാടന ചടങ്ങിൽ മുഖ്യമന്ത്രി ലൈഫ് ടൈം അച്ചീവ്മെന്റ് പുരസ്കാരം സമ്മാനിക്കും. ചടങ്ങിന് ശേഷം ഉദ്ഘാടന ചിത്രമായ ഐ ആം സ്റ്റിൽ ഹിയർ പ്രദർശിപ്പിക്കും.

ഫ്രഞ്ച് ഛായാഗ്രാഹക ആനിയസ് ഗൊദാർദ് ആണ് അന്താരാഷ്ട്ര മത്സര വിഭാഗത്തിന്റെ ജൂറി ചെയർ പേഴ്സൺ. 14 ചിത്രങ്ങളാണ് മത്സര വിഭാഗത്തിലുള്ളത്.

മലയാള സിനിമാ ടുഡേ വിഭാഗത്തിൽ 12 ചിത്രങ്ങളും ഇന്ത്യൻ സിനിമ നൗ വിഭാഗത്തിൽ 7 സിനിമകളും പ്രദർശിപ്പിക്കും. ലോക സിനിമ വിഭാഗത്തിൽ 63 ചിത്രങ്ങൾ പ്രേക്ഷകർക്ക് മുന്നിലെത്തും. അന്താരാഷ്ട്ര മേളകളിൽ പ്രേക്ഷക പ്രീതി നേടിയ 13 ചിത്രങ്ങൾ ഫെസ്റ്റിവൽ ഫേവറിറ്റ്സ് വിഭാഗത്തിൽ പ്രദർശിപ്പിക്കും.

തിയേറ്ററുകളിൽ 70 ശതമാനം റിസർവേഷനോടെയും 30 ശതമാനം റിസർവേഷൻ കൂടാതെയുമാണ് പ്രവേശനം. മേളയുടെ ഭാഗമായി ഓപ്പൺ

ഫോറം, മീറ്റ് ദ ഡയറക്ടർ, ഇൻ കോൺവർസേഷൻ പാനൽ ചർച്ചകൾ തുടങ്ങിയ പരിപാടികളും ഉണ്ടാകും.

നാളെ മുതൽ 19 വരെ വൈകുന്നേരങ്ങളിൽ മാനവീയം വീഥിയിൽ കലാസാംസ്കാരിക പരിപാടികളും മേളയോടനുബന്ധിച്ച് അരങ്ങേറും.

ഡെലിഗേറ്റുകൾക്കായി കെ എസ് ആർ ടി സി പ്രത്യേക സൗജന്യ സർവീസും നടത്തുന്നുണ്ട്. സ്പിരിറ്റ് ഓഫ് സിനിമ പുരസ്കാരം ഇന്ത്യൻ സംവിധായിക പായൽ കപാഡിയയ്ക്ക് സമാപന ചടങ്ങിൽ മുഖ്യമന്ത്രി സമ്മാനിക്കും.

✪✪✪

ടെക്സ്റ്റൈൽസ് മുതൽ ഐ.ടി മേഖല വരെ വ്യത്യസ്ത തൊഴിലിടങ്ങളിലെ യുവജനങ്ങളുടെ പ്രശ്നങ്ങൾ യുവജന കമ്മീഷൻ പഠിക്കുന്നുണ്ടെന്നും പഠനം പൂർത്തിയാക്കി അടുത്ത മാസത്തോടെ ദേശീയ സെമിനാർ സംഘടിപ്പിക്കുമെന്നും സംസ്ഥാന യുവജന കമ്മീഷൻ ചെയർമാൻ M.ഷാജർ പറഞ്ഞു.

തൊഴിലിടത്തിലെ മാനസിക സമ്മർദ്ദത്താൽ കളമശ്ശേരി സ്വദേശി ആത്മഹത്യ ചെയ്ത സംഭവത്തെ തുടർന്നാണ് യുവജന കമ്മീഷൻ തൊഴിലിടങ്ങളിൽ പഠനം നടത്തുന്നതെന്ന് അദ്ദേഹം കാസർകോട്ട് പറഞ്ഞു.

✪✪✪

പാലക്കാട് പനയംമ്പാടത്ത് ഇന്നലെ വൈകീട്ട് ലോറി ദേഹത്തേക്ക് മറിഞ്ഞ് മരിച്ച നാല് വിദ്യാർത്ഥിനികളുടെയും മൃതദേഹങ്ങൾ ഖബറടക്കി.കരിമ്പ ഹയർ സെക്കന്ററി സ്കൂളിലെ എട്ടാം ക്ലാസ് വിദ്യാർത്ഥിനികളായ നിദ ഫാത്തിമ,ഇർഫാന ഷെറിൻ,റിദ ഫാത്തിമ, ഐഷ എന്നിവരുടെ മൃതദേഹങ്ങളാണ് വൻ ജനാവലിയുടെ സാന്നിധ്യത്തിൽ തുപ്പനാട് ജുമാ മസ്ജിദ് ഖബർസ്ഥാനിൽ ഖബറടക്കിയത്.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി പാലക്കാട് ജില്ലാ പ്രതിനിധി ഫൈസൽ അലി മുത്ത് ..........

..........വോയ്സ്...........

ഇന്നലെ രാത്രിതന്നെ പോസ്റ്റ് മോർട്ടം പൂർത്തിയാക്കി രാവിലെ ആറര മണിയോടെ നാല് പേരുടെയും മൃതദേഹങ്ങൾ പാലക്കാട് ജില്ലാ ആശുപത്രിയിൽ നിന്നും തുപ്പനാട് ചെറുള്ളിയിലെ വീടുകളിൽ എത്തിച്ചിരുന്നു. വീട്ടിലെത്തിച്ച മൃതദേഹങ്ങൾ രാവിലെ എട്ടരയോടെ തുപ്പനാട് കരിമ്പക്കൽ ഹാളിൽ പൊതുദർശനത്തിന് വയ്ച്ചു.സഹപാഠികളും , അധ്യാപകരും നാട്ടുകാരും അടക്കം വൻ ജനാവലിയാണ് നിറഞ്ഞ കണ്ണുകളുമായി

കുട്ടികൾക്ക് അന്ത്യാഞ്ജലി അർപ്പിച്ചത്.മന്ത്രിമാരായ കെ.കൃഷ്ണൻകുട്ടി, എം.ബി.രാജേഷ് എന്നിവർ സ്ഥലത്ത് സന്നിഹിതരായിരുന്നു രണ്ടു മണിക്കൂറോളം നീണ്ട പൊതുദര്ശനത്തിന് ശേഷം തുപ്പനാട് ജുമാ മസ്ജിദ് ഖബർസ്ഥാനിലേക്ക് എടുത്ത കുട്ടികളുടെ മൃതദേഹം പതിനൊന്ന് മണിയോടെയാണ് അടുത്തടുത്തുള്ള ഖബറുകളിൽ ഖബറടക്കിയത്. ഇന്നലെ

പരീക്ഷ കഴിഞ്ഞ് വീട്ടിലേക്ക് നടന്നുപോകുന്ന വിദ്യാർത്ഥിനികളുടെ മുകളിലേക്ക് നിയന്ത്രണം വിട്ട സിമന്റ് ലോറി മറിഞ്ഞാണ് അപകടം ഉണ്ടായത്.

✪✪✪

സിനിമ സംവിധായകൻ P. ബാലചന്ദ്രകുമാർ നിര്യാതനായി. ചെങ്ങന്നൂരിലെ സ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം. ഹൃദയസംബന്ധമായ അസുഖത്തെ തുടർന്ന് ഏറെനാളായി ചികിത്സയിൽ കഴിയുകയായിരുന്നു. കൊച്ചിയിൽ നടി അക്രമിക്കപ്പെട്ട കേസിൽ ബാലചന്ദ്രകുമാർ നടത്തിയ വെളിപ്പെടുത്തൽ കേസിൽ വഴിത്തിരിവായിരുന്നു.

✪✪✪

കഥാകൃത്ത് T. പത്മനാഭന്റെ സാഹിത്യ ജീവിതം വിസ്മയകരമാണെന്ന് ഗോവ ഗവർണർ PS .ശ്രീധരൻ പിള്ള വിലയിരുത്തി. എല്ലാ മേഖലകളെക്കുറിച്ചും സമഗ്രമായി പഠിച്ചാണ് T.പത്മനാഭൻ ഇപ്പോഴും സംസാരിക്കുന്നതെന്നും ശ്രീധരൻപിള്ള മാധ്യമപ്രവർത്തകരോട് പറഞ്ഞു. 95 വയസ്സ് പൂർത്തിയായ പത്മനാഭന് ജന്മദിനാശംസകൾ നേരുന്നതിനായി കണ്ണൂർ പള്ളിക്കുന്നിലെ വീട്ടിലെത്തിയതായിരുന്നു ഗോവ ഗവർണർ.

ഷഷ്ടിപൂർത്തിയും സപ്തതിയും അശീതിയും ഒന്നുംതന്നെ ഇതുവരെ ആഘോഷിച്ചിട്ടില്ലെന്ന് T.പത്മനാഭൻ പറഞ്ഞു. പോത്താംകണ്ടം ആനന്ദ ഭവനത്തിലെ സ്വാമി കൃഷ്ണാനന്ദഭാരതിയാണ് 90 വയസ്സ് മുതൽ തന്റെ ജന്മദിനം ആഘോഷിക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു

BJP കണ്ണൂർ ജില്ലാ പ്രസിഡണ്ട് N. ഹരിദാസ്, മുതിർന്ന നേതാവ് ബാലറാം എന്നിവരും ഗോവ ഗവർണർക്കൊപ്പം ഉണ്ടായിരുന്നു.

✪✪✪

രചനകളിൽ പ്രാദേശിക ഭാഷയെ തനിമ ചോരാതെ നിലനിർത്തുക പ്രധാനമാണെന്ന് എഴുത്തുകാരൻ M.മുകുന്ദൻ അഭിപ്രായപ്പെട്ടു. U.A ഖാദർ അനുസ്മരണദിനത്തിൽ കേന്ദ്ര സാഹിത്യ അക്കാദമിയുടെ സഹകരണത്തോടെ കോഴിക്കോട്ട് സംഘടിപ്പിച്ച ഖാദർ പെരുമ പരിപാടി ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

✪✪✪

ഇടുക്കി ഡാമിലെ ജലനിരപ്പ് മുൻ വർഷത്തേക്കാൾ 13 അടിയിലേറെ വർദ്ധിച്ചു. നിലവിൽ 71.22 ശതമാനം വെള്ളം ഇടുക്കിയിലുണ്ട്. മുല്ലപ്പെരിയാറിലെ ജലനിരപ്പിൽ കാര്യമായ വ്യത്യാസമില്ല.

കൂടുതൽ വിവരങ്ങളുമായി ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ.

..........വോയ്സ്...........

2377.42 അടിയാണ് ഇടുക്കി ഡാമിൽ നിലവിലെ ജലനിരപ്പ്. മുൻവർഷമിത് 2364.40 അടിയായിരുന്നു. 13.02 അടിയുടെ വർദ്ധനവാണുണ്ടായിരിക്കുന്നത്.

ഇടുക്കിയിൽ 36.6 മില്ലീ മീറ്റർ മഴ രേഖപ്പെടുത്തി. കഴിഞ്ഞ 24 മണിക്കൂറിനിടെ 3.554 മില്യൺ ക്യുബിക് മീറ്റർ വെള്ളം ഡാമിലേക്ക് ഒഴുകിയെത്തിയപ്പോൾ 2.5306 എം.സി.എം വെള്ളം ഉപയോഗിച്ച് പ്രതിദിനം 3.762 മെഗാ യൂണിറ്റ് വൈദ്യുതി ഉത്പ്പാദിപ്പിച്ചു.

മുല്ലപ്പെരിയാർ ഡാമിൽ നിലവിലെ ജലനിരപ്പ് 120.65 അടിയാണ്. സെക്കന്റിൽ 3153.11 ഘന അടി വെള്ളം ഡാമിലേക്ക് ഒഴുകിയെത്തുമ്പോൾ 413.53 ഘന അടി വെള്ളം പുറത്തേക്കൊഴുക്കുന്നുണ്ട്.

✪✪✪

സയ്യിദ് മുഷ്താഖ് അലി ട്രോഫി ക്രിക്കറ്റ് സെമിഫൈനൽ മത്സരങ്ങൾക്ക് തുടക്കമായി. ബംഗളുരുവിലെ M.ചിന്നസ്വാമി സ്റ്റേഡിയത്തിൽ ആദ്യ മത്സരത്തിൽ ബറോഡ, മുംബൈയെ നേരിടുകയാണ്. മറ്റൊരു മത്സരത്തിൽ ഡൽഹി മധ്യപ്രദേശിനെ നേരിടും.

✪✪✪

ഇന്ത്യ - ഓസ്ട്രേലിയ മൂന്നാം ക്രിക്കറ്റ് ടെസ്റ്റ് നാളെ ആരംഭിക്കും. ബ്രിസ്ബണിലെ ഗാബ ഗ്രൗണ്ടിൽ ഇന്ത്യൻ സമയം പുലർച്ചെ 5.50ന് മത്സരം ആരംഭിക്കും. ലോക ടെസ്റ്റ് ചാമ്പ്യൻഷിപ്പ് ഫൈനൽ ഉറപ്പിക്കാൻ ഇരു ടീമുകൾക്കും ജയം അനിവാര്യമാണ്.

✪✪✪